# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാ ഓഫീസ് : തിരുവനന്തപുരം

തിരുവനന്തപുരം,

No. DTG(3)7476/13 തീയതി : 15.03.2021

## പത്രക്കുറിപ്പ്

തിരുവനന്തപുരം ജില്ലയിൽ ആയുർവേദ കോളേജിൽ ഫിസിയോതെറാപ്പിസ്റ്റ് (Category No.151/2019) തസ്തികയുടെ ഇന്റർവ്യൂ 18.03.2021, 19.03.2021 തീയതികളിൽ നടത്തുവാൻ ബഹു. കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ മുന്നോടിയായുള്ള സർട്ടിഫിക്കറ്റ് പരിശോധന അതാത് ദിവസം ഉദ്യോഗാർത്ഥികൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള സമയത്ത് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ പ്രൊഫൈലിലും, മൊബൈലിലും സന്ദേശങ്ങൾ നല്കിയിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് പ്രൊഫൈൽ പരിശോധിക്കേണ്ടതാണ്. ഇന്റർവ്യൂ മെമ്മോ, വ്യക്തിവിവരക്കുറിപ്പ് എന്നിവ ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ അസ്സൽ പ്രമാണങ്ങൾ, ഒ.റ്റി.വി സർട്ടിഫിക്കറ്റിന്റെ അസ്സൽ/പകർപ്പ്, തിരിച്ചറിയൽ രേഖ, പൂരിപ്പിച്ച വ്യക്തിവിവരക്കുറിപ്പ്, ഇന്റർവ്യൂ മെമ്മോ എന്നിവ സഹിതം ഇന്റർവ്യൂ മെമ്മോയിൽ പറയുന്ന സമയത്തും തീയതിയിലും കേരള പബ്ലിക് സർവീസ് കമ്മീഷൻ തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.

(ഒപ്പ്/-)

**ജില്ലാ ഓഫീസർ**
**കെ.പി.എസ്.സി ജില്ലാ ഓഫീസ്,**
**തിരുവനന്തപുരം.**